**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണംവകുപ്പ്- പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം - ആശ്രിത നിയമന പദ്ധതി- പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് ആയി സേവനത്തിലിരിക്കെ മരണപ്പെട്ട ശ്രീമതി. ബി .ശാന്തയുടെ മകൾ കുമാരി ആരതി ആർ ബാബു - പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററിയായി നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ)നം.**73/ 2022/ തസ്വഭവ.** തീയതി, തിരുവനന്തപുരം **04 .04.2022**

---

പരാമർശം : 1. ജി.ഒ. (പി) നം. 12/ 99/ പി & എ ആർ.ഡി, തീയതി 24.05.1999.

2. കുമാരി .ആരതി ആർ ബാബു ന്റെ 20.07.2012- ലെ അപേക്ഷ.
3. തിരുവനന്തപുരം ജില്ലാകളക്ടറുടെ 15.07.2013- ലെ S6- 27309/ 2013/ DDis നം.കത്ത്.
4. സ.ഉ (കൈ)നം.326/ 2015/ പൊ.ഭ.വ, തീയതി 28.12.2015.

**<u>ഉത്തരവ്</u>**

പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് ആയി സേവനത്തിലിരിക്കെ മരണപ്പെട്ട ബി .ശാന്തയുടെ മകൾ കുമാരി .ആരതി ആർ ബാബു., എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് ആയി സേവനത്തിലിരിക്കെ 16.07.2000 ലാണ് ബി .ശാന്ത നിര്യാതയാവുന്നത്. പരേതയായ ബി. ശാന്തയ്ക്ക് 17 വർഷത്തെ സേവനകാലമുണ്ട് . അപേക്ഷകയായ കുമാരി .ആരതി ആർ ബാബു, പരേതയുടെ മകളാണ്. അപേക്ഷകയുടെ ജനനതീയതി 0103.1993 ആണ്. അപേക്ഷകയ്ക്ക് 29 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക SSLC,+2 പരീക്ഷകൾ പാസ്സായിട്ടുണ്ട്.

3.അപേക്ഷയോടൊപ്പം ബി. ശാന്തയുടെ മരണസർട്ടിഫിക്കറ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാരിയുടെ കുടുംബവാർഷിക വരുമാനം 3,12,000/-രൂപയാണ്. തിരുവനന്തപുരം ജില്ലാ കളക്ടർ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

4.തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാരി അപേക്ഷിച്ചിട്ടുള്ളത്. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും അപേക്ഷക പാലിക്കുന്നുണ്ട്.

5. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 310 സൂപ്പർ ന്യൂമററി തസ്തികകൾ വിവിധ വകുപ്പുകൾക്ക് അനുവദിച്ച് നൽകികൊണ്ടുള്ള പരാമർശം (4) പ്രകാരമുള്ള ഉത്തരവിൽ, പഞ്ചായത്തു വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി ലിസ്റ്റിൽ കുമാരി .ആരതി ആർ ബാബു ഉൾപ്പെടുകയുണ്ടായി.

5. മേൽ സാഹചര്യത്തിൽ പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് ആയി സേവനത്തിലിരിക്കെ മരണപ്പെട്ട ബി. ശാന്തയുടെ മകളും ആശ്രിതയുമായ കുമാരി .ആരതി ആർ ബാബുവിന്റെ (അവിട്ടം, റ്റി.സി 15/2234, താരാ 21, തമ്പുരാൻ മുക്ക്, വഞ്ചിയൂർ, തിരുവനന്തപുരം-695 035) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ,(4) -ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് സൂപ്പർ ന്യൂമററി തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

6. മരണമടഞ്ഞ ബി.ശാന്തയുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിൽ, അപേക്ഷ നൽകുന്ന സമയത്ത് തെറ്റായ വിവരം നൽകുകയോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാരിക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
**അഡിഷണൽ സെക്രട്ടറി**

കുമാരി ആരതി ആർ ബാബു (അവിട്ടം, റ്റി.സി 15/ 2234, താരാ 21, തമ്പുരാൻ മുക്ക്, വഞ്ചിയൂർ, തിരുവനന്തപുരം-695 035) ) (തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
പൊതുഭരണ (സി.ഇ സെൽ) /സർവ്വീസസ്-എ/അക്കൗണ്ട്സ് (ജി)വകുപ്പ് .
വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്, (ഇപിഎ 3/ 48/ 2022/ / തസ്വഭവ)

ഉത്തരവിൻപ്രകാരം,

Damyelle
സെക്ഷൻ ഓഫീസർ